(ബി) 1998 ജനുവരി മാസം പ്രസിദ്ധീകരിച്ച നഴ്സിംഗ് അസിസ്റ്റന്റ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചിട്ടുണ്ട്;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 109 ഒഴിവുകൾ

(ബി) 5 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തേണ്ട നഴ്സിംഗ് അസിസ്റ്റന്റിന്റെ ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത്. ആരോഗ്യ വകുപ്പിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തിക ആശുപത്രി അറ്റന്റർമാർക്ക് ഉദ്യോഗക്കയറ്റം നൽകിയാണ് നികത്തുന്നത്. ആയതിനാൽ നഴ്സിംഗ് അസിസ്റ്റന്റുമാരുടെ എല്ലാ ഒഴിവുകളും (ജനറൽ) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല.

വിദേശത്ത് ജോലി ചെയ്യുന്ന നഴ്സുമാരുടെ അവധി

167 (3096)ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ നിന്നും അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്ന സർക്കാർ ആശുപത്രികളിലെ നഴ്സുമാർക്ക് അവധി നീട്ടിക്കിട്ടുന്നതിന് ബാൻ പീരിയഡ് ഉണ്ടോ;

(ബി) എങ്കിൽ 1992 ഏപ്രിൽ മുതൽ 1999 മാർച്ച് വരെയുണ്ടായിരുന്ന ബാൻ പിരീയഡ് എപ്പോഴെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ ആർക്കെങ്കിലും പ്രത്യേക ഉത്തരവിലൂടെ ലീവ് നീട്ടി കൊടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്കെല്ലാം എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1995 ജൂൺ മുതൽ 1996 മേയ് വരെ ബാൻ നിലവിലുണ്ടായിരുന്നു,

(സി) & (ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിലെ ജൂനിയർ ഹെൽത്ത് നഴ്സ് ട്രെയിനിംഗ് സെന്റർ

168 (3097)ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാസർഗോഡ് പ്രവർത്തിച്ചുവരുന്ന ജൂനിയർ ഹെൽത്ത് നഴ്സ് ട്രെയിനിംഗ് സെന്റർ നിർത്തലാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly